ട്രാൻസ്ഫോമർ എന്നിവ സ്ഥാപിക്കാനുള്ള പ്രവൃത്തികളും പുരോഗമിച്ചുവരുന്നു. ട്രാൻസ്ഫോമർ കൺട്രോൾ റൂമുകളുടെ പ്രവൃത്തി പൂർത്തിയാക്കിയിട്ടുണ്ട്. ട്രാൻസ്ഫോമർ, അനുബന്ധ ഉപകരണങ്ങൾ എന്നിവ ഉടനെ ലഭ്യമാകും. മേൽപ്പറഞ്ഞ ഗ്രാവിറ്റി മെയിനുകളുടെയും ട്രാൻസ്ഫോമറുകളുടെയും പ്രവൃത്തി പൂർത്തീകരിച്ച് 2016 മാർച്ച് മാസത്തോടുകൂടി പദ്ധതി കമ്മീഷൻ ചെയ്യാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(10) പാഠ്യപദ്ധതിയിൽ കൃഷി സംസ്കാരം ഉൾപ്പെടുത്തേണ്ടതിന്റെ ആവശ്യകത

ഡോ. എൻ. ജയരാജ്: സർ, നമ്മുടെ സംസ്ഥാനത്ത് കാർഷിക മേഖലയിൽ ഒട്ടേറെ മാറ്റങ്ങളുണ്ടായെങ്കിൽപ്പോലും ഒരു കാലഘട്ടത്തിലുണ്ടായിരുന്ന കാർഷിക സംസ്കാരം ഏതാണ്ട് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു കാഴ്ചയാണ് പ്രത്യേകിച്ച് പുതിയ തലമുറയെ സംബന്ധിച്ചിടത്തോളം. അഗ്രികൾച്ചർ എന്ന വാക്കിൽത്തന്നെ, there is a culture in agriculture. കൃഷി സംസ്കാരത്തിന്റെ ഭാഗംകൂടിയാണ്. അതുകൊണ്ടു തന്നെ നമ്മുടെ പുതിയ തലമുറയെ ആ രംഗത്തേയ്ക്ക് ആകർഷിക്കുവാനും, പുതിയ തലമുറയിൽ കാർഷിക സംസ്കാരം രൂപപ്പെടുത്തിയെടുക്കുവാനും, കൃഷി പാഠ്യപദ്ധതിയുടെ ഭാഗമാക്കി കൃഷിയുമായി ബന്ധപ്പെട്ട പാഠങ്ങൾ ആഴ്ചയിൽ ഒരു മണിക്കൂറെങ്കിലും പുതിയ തലമുറയിലേയ്ക്ക് വിദ്യാഭ്യാസ പ്രവർത്തനങ്ങളിലൂടെ എത്തിക്കാൻ വേണ്ടി മണ്ണുമായി അവരുടെ ബന്ധത്തെ കൂടുതൽ ഊട്ടിയുറപ്പിക്കാൻ പ്രത്യേകിച്ച്, അന്താരാഷ്ട്ര മണ്ണുവർഷമായി 2015 ആചരിക്കുന്ന ഈ കാലയളവിൽ പാഠ്യ പദ്ധതിയുടെ ഭാഗമായി കൃഷിയെ മാറ്റിയെടുക്കുവാൻ വേണ്ടിയുള്ള ശ്രമം ബഹുമാനപ്പെട്ട ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണമെന്നുള്ള ഒരു നിർദ്ദേശമാണ് എനിക്ക് മുമ്പോട്ട് വയ്ക്കാനുള്ളത്. മറ്റൊരു കാര്യം നമ്മുടെ ജീവിതത്തിന്റെ ഒരു ഭാഗമായി കൃഷിയെ മാറ്റുവാൻ കഞ്ഞുണ്ണി മാഷ് പറഞ്ഞ ഒരു വരികൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്. 'എഴുതി നേടുന്നത് ഉത്തമം, ഉഴുതു നേടുന്നത് അത്യുത്തമം' എന്ന് കുഞ്ഞുണ്ണിമാഷ് പറഞ്ഞിട്ടുണ്ട്. എഴുതുന്നതോടൊപ്പംതന്നെ ഉഴുതുകൊണ്ടും കൂടുതൽ ഉത്തമമായ ജീവിതത്തിലേയ്ക്ക് പുതിയ തലമുറയെ കൈപിടിച്ച് ഉയർത്തുവാൻ എന്റെ ഈ നിർദ്ദേശം സംസ്ഥാന ഗവൺമെന്റ് അംഗീകരിക്കണമെന്ന് വിനയപൂർവ്വം അപേക്ഷിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, ബഹുമാനപ്പെട്ട എം.എൽ.എ. ഇവിടെ അവതരിപ്പിച്ച സബ്മിഷൻ കാർഷിക സംസ്കാരത്തെ തിരിച്ചെത്തിക്കുന്നതിനും വരുംതലമുറയെ കാർഷിക മേഖലകളിലേയ്ക്ക് ആകർഷിക്കുന്നതിനുംവേണ്ടി കൃഷി വകുപ്പ് നടപ്പിലാക്കിവരുന്നു. പച്ചക്കറി വികസന പദ്ധതിപ്രകാരം കൃഷി ചെയ്യാൻ സൗകര്യമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വളപ്പുകളിൽ പച്ചക്കറി കൃഷി ചെയ്യുവാനായി പ്രവർത്തന ചെലവുകളുൾപ്പെടെ 500 രൂപ വീതം ധനസഹായം നൽകിവരുന്നു. കൃഷിയിൽ താൽപര്യമുള്ള വിദ്യാർത്ഥികൾ അംഗങ്ങളായുള്ള കാർഷിക ക്ലബ്ബുകളാണ് ഇതിന്റെ ചുമതല വഹിക്കുന്നത്. അതോടൊപ്പംതന്നെ വിദ്യാർത്ഥികളുടെ വീട്ടുവളപ്പിൽ കൃഷിചെയ്യുവാനായി നിലവിൽ 20 രൂപ വില വരുന്ന വിവിധയിനം പച്ചക്കറി വിത്തുകൾ അടങ്ങുന്ന പച്ചക്കറി വിത്ത് കിറ്റുകൾ 50 ലക്ഷം വിദ്യാർത്ഥികൾക്ക് സൗജന്യമായി നൽകിവരുന്നു. അതുപോലെതന്നെ സുരക്ഷിത പച്ചക്കറിയെന്ന മാർഗ്ഗരേഖാ കൈപ്പുസ്തകം നൽകിയും കാർഷിക മേഖയിലേയ്ക്ക് അവരെ കൊണ്ടുവരാനുള്ള എല്ലാ നടപടികളും ആരംഭിച്ചിട്ടുണ്ട്. കേരളത്തിലെ സ്കൂളുകളിലെ ജൈവ മാലിന്യങ്ങൾ ഉറവിടത്തിൽത്തന്നെ പരിസര മലിനീകരണം കൂടാതെ സംസ്കരിച്ച് സ്കൂളുകളിൽ ഉച്ചഭക്ഷണം തയ്യാറാക്കുന്നതിനുള്ള ഇന്ധനം ലഭ്യമാക്കുക, പച്ചക്കറി കൃഷിക്കാവശ്യമായ ജൈവവളം ലഭ്യമാക്കുക എന്നീ ലക്ഷ്യങ്ങളോടുകൂടി 2014-2015, 2015-2016 വർഷങ്ങളിലായി 3824 സ്കൂളുകളിൽ ഒരു ക്യൂബിക് മീറ്ററിന് പോർട്ടബിൾ ബയോഗ്യാസ് പ്ലാന്റുകൾ സൗജന്യമായി സ്ഥാപിച്ച് നൽകിയിട്ടുണ്ട്. NCERT കേരള സ്കൂൾ പാഠ്യ പദ്ധതി വിഭാവനം ചെയ്തപ്പോൾ കൃഷിയുടെ പ്രാധാന്യവും നവീന കൃഷി രീതികളും പരിഗണിച്ച് പാഠപുസ്തകങ്ങളുടെ ഉള്ളടക്കത്തിൽ കോർ മേഖലയായി കൃഷിയും കാർഷിക വികസനവും ഉൾപ്പെടുത്തിയിട്ടുണ്ട്. കൃഷിയോടും കാർഷിക മേഖലയോടും സ്കൂൾ വിദ്യാർത്ഥികൾക്ക് താൽപര്യം ഉണ്ടാക്കുന്നതിന് സയൻസ് പാഠപുസ്തകങ്ങളിൽ കൃഷിയെക്കുറിച്ചും കൃഷി അനുബന്ധ പ്രവർത്തനങ്ങളെക്കുറിച്ചും വിശദമായി പ്രതിപാദിച്ച് വരുന്നുണ്ട്. 5, 6, 7, 8 ക്ലാസ്സുകളിലെ സയൻസ് പാഠപുസ്തകങ്ങളിൽ കൃഷിയുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ നൽകിയിട്ടുണ്ട്. 8-ാം ക്ലാസ് സയൻസ് പാഠപുസ്തകത്തിൽ ജൈവ പച്ചക്കറിയെക്കുറിച്ചും അതിന്റെ ഗുണഗണങ്ങളെക്കുറിച്ചും വിശദമായി പ്രതിപാദിക്കുന്നുണ്ട്. കൂടാതെ മൂന്ന്-നാല് ക്ലാസ്സുകളിലേയ്ക്ക് തയ്യാറാക്കിയ പരിസ്ഥിതി പഠന പുസ്തകങ്ങളിലും കൃഷിയനുബന്ധിത പാഠങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ആഴ്ചയിൽ കുറഞ്ഞത് ഒരു

LIBRARY ARCHIVES Kerala Legislative Assembly

പിരീഡ് എങ്കിലും വിദ്യാലയങ്ങളിൽ കാർഷിക പാഠം ഉൾപ്പെടുത്തുന്നതിനെക്കുറിച്ച് വിശദമായ ചർച്ച ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായും വിദ്യാഭ്യാസ വകുപ്പുമന്ത്രിയുമായും നടത്തിക്കഴിഞ്ഞു. ഇക്കാര്യം സർക്കാർ പരിഗണിച്ചുവരുന്നു.

(11) ആഞ്ഞൂർ നഗരസഭയ്ക്ക് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കൽ

ശ്രീ. ജെയിംസ് മാത്യു: സർ, തളിപ്പറമ്പ് ഒരു ചെറിയ മുനിസിപ്പാലിറ്റി ആയിരുന്നു. ആ മുനിസിപ്പാലിറ്റിയെ രണ്ടായി വിഭജിച്ചു. രണ്ടാമത് രൂപീകരിക്കപ്പെട്ട - ആഞ്ഞൂർ മുനിസിപ്പാലിറ്റിയിൽ യാതൊരു അടിസ്ഥാന സൗകര്യവുമില്ലാതെ പ്രവർത്തിക്കാൻ കഴിയാതെ പ്രയാസപ്പെടുകയാണ്. പുതിയ മുനിസിപ്പാലിറ്റിയുടെ പരിധിക്കുള്ളിലുണ്ടാകുന്ന ജനനം, മരണം, വിവാഹം ഇവയൊക്കെ രജിസ്റ്റർ ചെയ്യുന്നതിനുവേണ്ടി നിലവിലുള്ള തളിപ്പറമ്പ് മുനിസിപ്പാലിറ്റിയിൽ ഡിസംബർ - 31 വരെ സൗകര്യമേർപ്പെടുത്തുമെന്ന് ഗവൺമെന്റ് അറിയിച്ചിരുന്നു. എന്നാൽ ഡിസംബർ 31-നുശേഷം ആഞ്ഞൂർ മുനിസിപ്പാലിറ്റിയിൽ ഇങ്ങനെയുള്ള രജിസ്ട്രേഷനുകൾ നടക്കണമെങ്കിൽ അടിസ്ഥാന സൗകര്യമുണ്ടാവണം. അടിസ്ഥാന സൗകര്യങ്ങളൊന്നും ഇപ്പോൾ അവിടെയില്ല. കമ്പ്യൂട്ടറൈസ് ചെയ്തിട്ടില്ല, സോഫ്റ്റ്വെയർ ഇൻസ്റ്റാൾ ചെയ്തിട്ടില്ല ഇങ്ങനെയുള്ള യാതൊരു സംവിധാനവും ആ മുനിസിപ്പാലിറ്റിയിൽ ഇല്ല. ഗവൺമെന്റ് കുറച്ച് പണം അനുവദിക്കാൻവേണ്ടി തീരുമാനിച്ചു. അങ്ങനെ അനുവദിച്ച് ഉത്തരവിറക്കിയ പണം അവർക്ക് ഉപയോഗിക്കാൻ കഴിയുന്നില്ല. കാരണം അവരുടെപേരിൽ ട്രഷറിയിൽ ഒരു അക്കൗണ്ട് തുടങ്ങാൻ സാധിക്കുന്നില്ല. അക്കൗണ്ട് ആരംഭിച്ചാൽ മാത്രം പോരാ ഡി.ഡി.ഒ. ഡെസിഗ്നേറ്റ് ചെയ്യപ്പെടണം. അവിടത്തെ മുനിസ്സിപ്പൽ സെക്രട്ടറിയെ ഡി.ഡി.ഒ. ആയിട്ട് ഡെസിഗ്നേറ്റ് ചെയ്യണം. ഡി.ഡി.ഒ.യെ ഡെസിഗ്നേറ്റ് ചെയ്യേണ്ടത് എ.ജി.യാണ്. എ.ജി.യെ ഡെസിഗ്നേറ്റ് ചെയ്യണമെന്ന് ആവശ്യപ്പെടേണ്ടത് ധനകാര്യവകുപ്പാണ്. ധനകാര്യ വകുപ്പിന് അങ്ങനെയൊരു നിർദ്ദേശം കൊടുക്കേണ്ടത് എൽ.എസ്.ജി.ഡി.യാണ്. എൽ.എസ്.ജി.ഡി.യിൽ നിന്നും അങ്ങനെയൊരു നിർദ്ദേശം പോയിട്ടില്ല. അതിന്റെ ഫലമായി ഡെസിഗ്നേറ്റ് ചെയ്യപ്പെട്ടിട്ടില്ല. അതുകൊണ്ട് അവർക്ക് ഒരു അക്കൗണ്ട് ഓപ്പൺ ചെയ്യാൻ സാധിക്കുന്നില്ല. ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുമ്പോൾ എല്ലാ പുതിയ മുനിസിപ്പാലിറ്റികൾക്കും പണം കൊടുത്തിട്ടുണ്ടെന്ന് പറയും. പണം കൊടുത്തതുകൊണ്ട് എന്ത് പ്രയോജനം? അവർക്ക് അത് വിത്ഡ്രോ ചെയ്യാൻ സാധിക്കണ്ടേ? അപ്പോൾ അതിനുള്ള അടിയന്തര നടപടി അങ്ങ്

LIBRARY ARCHIVES Kerala Legislative Assembly